# NAVJYOTHI RAYS

Rajamudy P.O. Idukki
Kerala, India - 685604

Email: idukkishnavajyothi@yahoo.in
Phone: 04868 263203, 263448

Issue: April 2016 Vol: 2


സ്നേഹം നിറഞ്ഞ സഹോദരിമാരേ,

എല്ലാവർക്കും പുതുഞായറിന്റെ ആശംസകൾ. ഈശോയുടെ തിരുഹൃദയത്തിൽ നിന്നും മനുഷ്യകുലത്തിന് കാരുണ്യസ്രോതസ്സായി തിരുരക്തവും തിരുജലവുമൊഴുക്കിയ വലിയ രഹസ്യത്തിന്റെ തിരുന്നാൾ കൂടിയാണിന്ന്. അവിടുത്തെ ഈ കരുതലും കാരുണ്യവും നോക്കിക്കണ്ട ഏവരും വി.തോമ്മാശ്ലീഹായെപ്പോലെ വിനയാന്വിതനായി ഏറ്റുപറയുന്നു - എന്റെ കർത്താവേ -എന്റെ ദൈവമേ! സംശയാതീതമായ അവിടുത്തെ വലിയ സ്നേഹം അനുഭവിച്ചു കഴിഞ്ഞ നിമിഷം മുതൽ വി.തോമ്മാശ്ലീഹായ്ക്ക് ഒന്നും കണ്ടു വിശ്വസിക്കേണ്ടി വന്നില്ല. അവന്റെ കൈകളിലെ ആണിപ്പഴുതുകൾ കാണാനോ മുറിവേറ്റ അവന്റെ പാർശ്വത്തിൽ വിരലിടുവാനോ തുനിയാതെ അവൻ എല്ലാം ഒറ്റ നിമിഷം കൊണ്ട് വിശ്വസിച്ചു: എന്റെ കർത്താവേ, എന്റെ ദൈവമേ എന്ന ആ വലിയ ശരണത്തിന്റെയും ആശ്രയബോധത്തിന്റെയും പാഠങ്ങൾ മനസ്സിൽ ഒരിക്കൽകൂടി ഉറപ്പിച്ചുവയ്ക്കാൻ ഈ കരുണയുടെ ദിനത്തിന്റെ ആഘോഷങ്ങൾ നമുക്കിടവരുത്തട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം,
സി.ടെസ്‌ലിൻ ജോസഫ് കൂനംപാറയിൽ എസ്.എച്ച്

**ഓശാന ഞായറും പെസഹാതിരുന്നാളും**







മാതൃപ്രോവിൻസായ കോതമംഗലത്തുനിന്ന്പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ത്രേസ്യാമ്മ പള്ളിക്കുന്നേലും ടീം അംഗങ്ങളും രാജമുടി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

**ജൂബിലി ആഘോഷം** - പാസിയമ്മയുടെ ഗോൾഡൻ ജൂബിലി ആഘോഷം രാജകുമാരി ദൈവമാതാ പള്ളിയിൽ വച്ച് നടന്നു.





**പേരന്റ്സ് മീറ്റിംഗ്**

നിത്യവ്രതം ചെയ്യുന്ന ജൂണിയർ സിസ്റ്റേഴ്സിന്റെ പേരന്റ്സ് മീറ്റിംങ്ങ് രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്നു.



-ഇരിങ്ങാലക്കുട കമ്മ്യൂണിറ്റിയിലെ സഹോദരിമാർ തങ്ങളുടെ ദൗത്യനിർവഹണത്തിൽ.........

**വൊക്കേഷൻ ക്യാമ്പ്**

മാർച്ച് 28 മുതൽ 31 വരെ പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടന്ന ക്യാമ്പിൽ 40 കുട്ടികൾ പങ്കെടുത്തു. ക്യാമ്പിന് കുട്ടികളെ പറഞ്ഞയച്ച എല്ലാ സഹോദരിമാർക്കും പ്രത്യേകം നന്ദി. തുടർന്ന് ഏപ്രിൽ 23 മുതൽ മെയ് 3 വരെ നടത്തുന്ന Come & See പ്രോഗ്രാമിലേയ്ക്ക് കുട്ടികളെ പറഞ്ഞയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ.



**മരണം:-** സി.അംബ്രോസിയ തോട്ടുങ്കലിന്റെ ചേച്ചിയുടെ ഭർത്താവ് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. നമ്മുടെ പ്രാർത്ഥനയിൽ നമുക്ക് അനുസ്മരിക്കാം.

**അവധി** -ജർമ്മനിയിൽ ജോലിചെയ്യുന്ന സി.റോസ് മരിയ കിഴക്കേൽ, സി.ലിൻസി ഇലഞ്ഞിയിൽ എന്നിവർ അവധിക്ക് നാട്ടിൽ വന്നു.

**വ്രതനവീകരണം** -വ്രതനവീകരണം നടത്തുന്ന ജൂണിയർ സിസ്റ്റേഴ്സ് ഏപ്രിൽ 21-ന് രാവിലെ പ്രൊവിൻഷ്യൽ ഹൗസിലെത്തി 23-ന് വ്രതനവീകരണം നടത്തേണ്ടതാണ്.

**ജൂബിലി ആഘോഷങ്ങൾ**

2016 ഏപ്രിൽ 28-ന് രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഗോൾഡൻ സിൽവർ ജൂബിലി ആഘോഷങ്ങൾ നടത്തുന്നു.11 -ന് വി.കുർബാന.

**വചനധ്യാനം** - ഏപ്രിൽ 10 മുതൽ 15 വരെയും മെയ് 16 വൈകുന്നേരം മുതൽ 21 വരെയും പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് വചനധ്യാനം നടത്തുന്നു. ഇതിൽ സംബന്ധിക്കാനാഗ്രഹിക്കുന്നവർ നേരത്തെ തന്നെ സി.മേരി മറ്റപ്പിള്ളിൽ -നെ അറിയിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*************************************************************************************************************